**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2288 05.12.2018- ൽ മറുപടിയ്ക്ക്

## സർക്കാർ അഗതി മന്ദിരങ്ങൾ

ചോദ്യം

മറുപടി

ശ്രീ.ടി.വി.ഇബ്രാഹിം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ അഗതി മന്ദിരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |
| (ബി) | ഇത്തരം കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട് |
| (സി) | സർക്കാർ അഗതി മന്ദിരങ്ങളിൽ ഒരാളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; | (സി) | അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട് |
| (ഡി) | ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ അഗതി മന്ദിരങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ഇല്ല |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

**വൃദ്ധസദനങ്ങൾ**

1. കെയർ ഹോം, പുലയനാർകോട്ട, തിരുവനന്തപുരം
2. ഡേ കെയർ സെന്റർ & ഓൾഡ് ഏജ് ഹോം ( വിമൻ), പൂജപ്പുര, തിരുവനന്തപുരം
3. സർക്കാർ വൃദ്ധസദനം, ഇഞ്ചവിള, കൊല്ലം
4. സർക്കാർ വൃദ്ധസദനം, വയലത്തല, പത്തനംതിട്ട
5. വികലാംഗർക്കായുള്ള വൃദ്ധസദനം, മായിത്തറ, ചേർത്തല, ആലപ്പുഴ
6. സർക്കാർ വൃദ്ധസദനം, തിരുവഞ്ചൂർ, കോട്ടയം
7. വികലാംഗർക്കായുള്ള വൃദ്ധസദനം, മുതലക്കോടം, ഇടുക്കി
8. സർക്കാർ വൃദ്ധസദനം, തേവര, എറണാകുളം
9. സർക്കാർ വൃദ്ധസദനം, രാമവർമ്മപുരം, തൃശ്ശൂർ
10. വികലാംഗർക്കായുള്ള വൃദ്ധസദനം, തോട്ടക്കാട്ടുതറ, പാലക്കാട്
11. സർക്കാർ വൃദ്ധസദനം, തവനൂർ, മലപ്പുറം
12. വികലാംഗർക്കായുള്ള വൃദ്ധസദനം,കണിയാമ്പറ്റ, വയനാട്
13. സർക്കാർ വൃദ്ധസദനം, അഴീക്കോട്, കണ്ണൂർ
14. സർക്കാർ വൃദ്ധസദനം, പരവനടുക്കം, കാസർഗോഡ്
15. സർക്കാർ വൃദ്ധസദനം, വെള്ളിമാട് കുന്ന് , കോഴിക്കോട്
16. സർക്കാർ വൃദ്ധസദനം & മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, എടവനക്കാട്, എറണാകുളം

**ആശാഭവൻ**

1. ആശാഭവൻ (മെൻ) , പൂജപ്പുര, തിരുവനന്തപുരം
2. ആശാഭവൻ (വിമെൻ) , പൂജപ്പുര, തിരുവനന്തപുരം
3. ആശാഭവൻ (മെൻ) , കാക്കനാട്, എറണാകുളം
4. ആശാഭവൻ (വിമെൻ) , രാമവർമ്മപുരം, തൃശ്ശൂർ
5. ആശാഭവൻ (വിമെൻ) , ഒഴുക്കര, കോഴിക്കോട്
6. ആശാഭവൻ (മെൻ) , വെള്ളിമാട്കുന്ന് , കോഴിക്കോട്

**പ്രതീക്ഷാ ഭവൻ**

1. പ്രതീക്ഷാഭവൻ (കസ്റ്റോഡിയൽ കെയർ ഹോം) തവനൂർ, മലപ്പുറം

**പ്രത്യാശാ ഭവൻ**

1. പ്രത്യാശാ ഭവൻ, രാമവർമ്മപുരം, തൃശ്ശൂർ

**ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)**

1. ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC), വെള്ളിമാട്കുന്ന്, കോഴിക്കോട്

**ബാലവികലാംഗസദനം**

1. കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ, ആലിശ്ശേരി വാർഡ്, ആലപ്പുഴ

**വികലാംഗസദനം**

1. ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്പ്ഡ് (വിമെൻ), പൂജപ്പുര, തിരുവനന്തപുരം
2. ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്പ്ഡ് (വിമെൻ), തേവര ഫെറി, കൊച്ചി
3. ഹോം ഫോർ ഫിസിക്കലി ഹാന്റിക്യാപ്പ്ഡ് , ഒഴുക്കര, മായനാട്, കോഴിക്കോട്

**വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

1. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഒഴുക്കര, മായനാട്, കോഴിക്കോട്
2. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്പ്ഡ്, പൂജപ്പുര, തിരുവനന്തപുരം

**മഹിളാ മന്ദിരം**

1. സർക്കാർ മഹിളാ മന്ദിരം , തിരുവനന്തപുരം
2. സർക്കാർ മഹിളാ മന്ദിരം , കൊല്ലം
3. സർക്കാർ മഹിളാ മന്ദിരം, പത്തനംതിട്ട
4. സർക്കാർ മഹിളാ മന്ദിരം, ആലപ്പുഴ
5. സർക്കാർ മഹിളാ മന്ദിരം, കോട്ടയം
6. സർക്കാർ മഹിളാ മന്ദിരം, എറണാകുളം
7. സർക്കാർ മഹിളാ മന്ദിരം, തൃശ്ശൂർ
8. സർക്കാർ മഹിളാ മന്ദിരം, പാലക്കാട്
9. സർക്കാർ മഹിളാ മന്ദിരം, മലപ്പുറം
10. സർക്കാർ മഹിളാ മന്ദിരം, കണ്ണൂർ
11. സർക്കാർ മഹിളാ മന്ദിരം, കാസർഗോഡ്
12. സർക്കാർ മഹിളാ മന്ദിരം, കോഴിക്കോട്

**ചിൽഡ്രൻസ് ഹോം**

1. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) തിരുവനന്തപുരം
2. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) കൊല്ലം
3. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) പത്തനംതിട്ട
4. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) ആലപ്പുഴ
5. ചിൽഡ്രൻസ് ഹോം ( ഫോർ ഗേൾസ്) ആലപ്പുഴ

6. ചിൽഡ്രൻസ് ഹോം( ഫോർ ബോയ്സ്) കോട്ടയം
7. ചിൽഡ്രൻസ് ഹോം ( ഫോർ ഗേൾസ്), എറണാകുളം
8. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) തൃശ്ശൂർ
9. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) പാലക്കാട്
10. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) മലപ്പുറം
11. ചിൽഡ്രൻസ് ഹോം ( ഫോർ ബോയ്സ്) കണ്ണൂർ
12. ചിൽഡ്രൻസ് ഹോം ( ഫോർ ഗേൾസ്) കണ്ണൂർ
13. ചിൽഡ്രൻസ് ഹോം (ഫോർ ബോയ്സ്), കോഴിക്കോട്
14. ചിൽഡ്രൻസ് ഹോം (ഫോർ ഗേൾസ്), കോഴിക്കോട്
15. ചിൽഡ്രൻസ് ഹോം(ഫോർ ബോയ്സ്), വയനാട്

**ആഫ്റ്റർ കെയർ ഹോം**

1. ആഫ്റ്റർ കെയർ ഹോം ( ഗേൾസ്) , കൊല്ലം
2. ആഫ്റ്റർ കെയർ ഹോം ( ഗേൾസ്) , കോഴിക്കോട്
3. ആഫ്റ്റർ കെയർ ഹോം ( ബോയ്സ്), കണ്ണൂർ

**റസ്ക്യൂ ഹോം**

1. റസ്ക്യൂ ഹോം, തവനൂർ, മലപ്പുറം

**ഷോർട്ട് സ്റ്റേ ഹോം**

ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 2

| സ്ഥാപനം | സംവിധാനങ്ങൾ/ സേവനങ്ങൾ |
|---|---|
| മഹിളാമന്ദിരം | വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, ദുരിതബാധിതർ, അഗതികളും നോക്കാൻ ആളില്ലാത്തതുമായ സ്ത്രീകൾ എന്നിവരെ പ്രവേശിപ്പിക്കുന്നു. ഇവർക്ക് തൊഴിൽ പരിശീലനം, ഗാർഹികപീഢനവുമായി ബന്ധപ്പെട്ട നിയമസഹായം, ആഴ്ചയിലൊരിക്കൽ ഡോക്ടർമാരുടെ സേവനം , യോഗ പരിശീലനം, കൗൺസിലിംഗ് എന്നിവ നൽകുന്നു. |
| ആഫ്റ്റർ കെയർ ഹോം | ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പൂവർ ഹോം എന്നീ സ്ഥാപനങ്ങളിലെ അന്തേവാസികളായ 18 വയസ്സിനും ഇരുപത്തൊന്ന് വയസ്സിനും ഇടയിൽ പ്രായമുള്ള അനാഥരെ പുനരധിവസിപ്പിക്കുന്നു. ഇവർക്ക് വിദ്യാഭ്യാസം തുടരുന്നതിനും തൊഴിൽ പരിശീലനത്തിനും അവസരവും കൗൺസിലിംഗ്, മാസം തോറും മെഡിക്കൽ ചെക്കപ്പ്, യോഗ പരിശീലനം എന്നിവയും നൽകുന്നു |
| ഷോർട്ട് സ്റ്റേ ഹോം | തകർന്ന കുടുംബങ്ങളിൽ നിന്നും സാമൂഹ്യ പിന്തുണ ലഭിക്കാത്തവർ, മാനസിക സമ്മർദ്ദമുള്ളവർ, സമൂഹം ബഹിഷ്കരിച്ചവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശ്യാസ്യ വിപത്ത് ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള താൽക്കാലിക അഭയകേന്ദ്രമാണ്. ഇവിടെ വിദ്യാഭ്യാസം , തൊഴിൽ പരിശീലനം എന്നിവയ്ക്ക് അവസരമുണ്ട്. |
| ചിൽഡ്രൻസ് ഹോം | ബാലനീതി നിയമപ്രകാരം പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക് സംരക്ഷണം, വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നു. |
| റസ്ക്യൂ ഹോം | അനാശ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാൻമാർഗ്ഗിക ഭ്രംശം നേരിടുന്ന അനാഥരും അഗതികളുമായ സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുന്നു. |
| വൃദ്ധസദനം | സൗജന്യതാമസം, ഭക്ഷണം, മരുന്ന് , വസ്ത്രം, എന്നിവ നൽകുന്നു. താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്നതിനായി സൈക്കോസോഷ്യൽ പദ്ധതി, യോഗാപരിശീലനം, മാനസികവും ശാരീരികവുമായ ഉണർവ് ലഭിക്കുന്നതിനായി മ്യൂസിക് തെറാപ്പി പ്രോഗ്രാം എന്നിവ സംഘടിപ്പിക്കുന്നു. |
| ആശാഭവൻ | മാനസികരോഗ ചികിൽസ കഴിഞ്ഞ് മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കാൻ ആളില്ലാത്ത രോഗികളെ പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. |

| | |
|---|---|
| പ്രതീക്ഷാ ഭവൻ (മെൻ) | ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സ്ഥാപനത്തിൽ സംരക്ഷിക്കുന്നു. ഇവർക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യപരിപാലനവും ആവശ്യമായ ചികിൽസയും നൽകുന്നു. |
| പ്രത്യാശാ ഭവൻ (വിമൻ) | ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സ്ഥാപനത്തിൽ സംരക്ഷിക്കുന്നു. ഇവർക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യപരിപാലനവും സംരക്ഷണവും ആവശ്യമായ ചികിൽസയും നൽകുന്നു. |
| വികലാംഗസദനം | വികലാംഗരായ സ്ത്രീ പുരുഷൻമാർക്ക് പ്രവേശനം നൽകുന്നു. അന്തേവാസികൾക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യപരിപാലനവും സംരക്ഷണവും നൽകുന്നു. |
| വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | പതിനാറ് വയസിന് മേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈന്റിംഗ്, ടെയ് ലറിംഗ്, എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നീ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. |
| ബാലവികലാംഗസദനം | നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ്. അന്തേവാസികളായ കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, കിടക്ക, ആരോഗ്യപരിപാലനം, വൈദ്യസഹായം, പഠനത്തിനുള്ള സൗകര്യം എന്നിവ നൽകുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ ട്രെയിനിംഗും നൽകുന്നു. കുട്ടികൾക്ക് വായനയ്ക്കും ഉല്ലാസത്തിനുമുള്ള അവസരവും കലാ-കായിക രംഗങ്ങളിൽ അവരുടെ കഴിവ് തെളിയിക്കുന്നതിനുള്ള അവസരവും നൽകുന്നു. |
| ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) | ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നു. പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് വസ്ത്രങ്ങളും കിടക്കയും ആഹാരവും നൽകുന്നു. ദൈനംദിനാവശ്യങ്ങൾ , വിദ്യാഭ്യാസം, കരകൗശലം എന്നിവ സംയോജിതമായ പരിശീലന പരിപാടിയും നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 3

| സ്ഥാപനം | നടപടി ക്രമം |
|---|---|
| മഹിളാ മന്ദിരങ്ങൾ, സർക്കാർ ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോമുകൾ, റസ്ക്യൂ ഹോം, ചിൽഡ്രൻസ് ഹോം | കോടതി ഉത്തരവ് മുഖേനയോ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു.ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശനം നൽകുന്നത്. |
| വൃദ്ധസദനം | 60 വയസിനുമുകളിൽ പ്രായമായവർക്കാണ് സർക്കാർ വൃദ്ധസദനങ്ങളിൽ പ്രവേശനം അനുവദിക്കുന്നത്. ജില്ലാ സാമൂഹ്യനീതി ഓഫീസർ,/ കോടതികൾ/ ജനപ്രതിനിധികൾ/ സാമൂഹ്യപ്രവർത്തകർ/സബ് ഇൻസ്പെക്ടർ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥാപന സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കാവുന്നതും സ്ഥാപന സൂപ്രണ്ട് പ്രസ്തുത വ്യക്തിയുമായി പ്രവേശനം സംബന്ധിച്ച് നേരിട്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അംഗീകാരത്തിന് വിധേയമായി പ്രവേശനം അനുവദിക്കുന്നു. |
| പ്രതീക്ഷാ ഭവൻ, പ്രത്യാശഭവൻ | ചികിൽസയിലിരിക്കുന്ന ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ / പ്രൊബേഷൻ ഓഫീസർ. /സമാനമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേധാവികളുടെ കത്ത്/ കോടതികളുടെയോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളുടെയോ ഉത്തരവ് /തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവ് എന്നിവ സഹിതം പ്രവേശനം ആഗ്രഹിക്കുന്ന വ്യക്തി അല്ലെങ്കിൽ അവരുടെ മാതാപിതാക്കളോ രക്ഷിതാവോ സ്ഥാപന സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| ആശാഭവൻ | മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് / എതെങ്കിലും സ്ഥാപനത്തിൽ നിന്ന് |

| | |
|---|---|
| | മോചിപ്പിക്കപ്പെട്ടവർ പ്രസ്തുത സ്ഥാപന മേധാവിയുടെ ശിപാർശ കത്തോ സർട്ടിഫിക്കറ്റോ സഹിതം അപേക്ഷ സമർപ്പിക്കണം |
| ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) | ക്ലിനിക്കൽ സൈക്കോളജിസ്ററിന്റെ /സൈക്യാട്രിസ്റ്റിന്റെ സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർ/പ്രൊബേഷൻ ഓഫീസർ,/ സമാനമായി പ്രവർത്തിക്കുന്ന സ്ഥാപന മേധാവികളുടെ കത്ത്/ കോടതികളുടെയോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളുടെയോ ഉത്തരവ് /തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവ് പ്രകാരം പ്രവേശനം നൽകുന്നു. |
| വികലാംഗസദനം | ഭിന്ന ശേഷി സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർ/കോടതികൾ/ ജനപ്രതിനിധികൾ/സാമൂഹ്യപ്രവർത്തകർ/സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ശിപാർശ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**